നെയ്യാർഡാമിന്റെ കൃാച്ച്മെന്റ് ഏരിയായിൽ താമസിക്കുന്നവരെ മാറ്റിത്താമസിപ്പിക്കാൻ നടപടി

668 [642] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ: താഴെ കാണുന്ന ചോദ്യത്തിന് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നെയ്യാർഡാമിന്റെ കൃാച്ച്മെന്റ് ഏരിയായിൽ താമസിക്കുന്നവരെ മാറ്റി പാർപ്പിക്കുമ്പോൾ അവർക്ക് അർഹതയുള്ള ഭൂമി കൊടുത്ത് ഒഴിപ്പിക്കുമെന്ന് സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നെട്ടുകാൽ തേരിയിൽ മാറ്റി താമസിപ്പിക്കാനുള്ള നടപടി എതുവരെയായി?

ഉത്തരം

ഈ കാര്യത്തെക്കുറിച്ച് യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല.

പുറമ്പോക്കുകളിലും സർക്കാർ വക സ്ഥലങ്ങളിലും കുടിൽ കെട്ടി താമസിക്കുന്നവർ

669 [643] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡു പുറമ്പോക്കുകളിലും മറ്റു സർക്കാർ വക സ്ഥലങ്ങളിലും കുടിൽ കെട്ടി താമസിക്കുന്നവർ എത്രയാണെന്നുള്ള കണക്കുകൾ ശേഖരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിവരം വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

കിളിമാനൂർ ഭൂപണയ ബാങ്കിന്റെ ജപ്തി നടപടി നിർത്തിവയ്ക്കണമെന്ന നിവേദനം

670 [647] ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ കിളിമാനൂർ ഭൂപണയ ബാങ്കിൽ 2400 കൃഷിക്കാരുടെ പേരിൽ ജപ്തി നടപടി നടത്തുന്നതിനെതിരെ ജപ്തിനടപടി നിർത്തിവയ്ക്കണമെന്നു കൃഷിക്കാരുടെ വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പഞ്ഞമാസങ്ങളിൽ കൃഷിക്കാരുടെ ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് ഡിസംബർവരെ നടപടി നിർത്തിവയ്ക്കുമോ?

ഉത്തരം

(എ) അങ്ങനെയൊരു നിവേദനം ഗവൺമെന്റിൽ കിട്ടിയതായി കാണുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly